ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസ് വായ്പയെടുത്തവർക്ക് സെക്കന്റ് മോർട്ട്ഗേജ് വ്യവസ്ഥ പ്രകാരം താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിന് 31-7-1991 ലെ സ.ഉ.(പി) നമ്പർ 436/91/ധന. ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

1. സഹകരണ ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കിംഗ് സ്ഥാപനങ്ങൾ

2. ഭവന വായ്പ അനുവദിക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാരുകൾ രൂപീകരിച്ചിട്ടുള്ള ധനകാര്യ കോർപ്പറേഷനുകൾ

3. ഭവന നിർമ്മാണ സഹകരണ അപ്പെക്സ് ധനകാര്യ സ്ഥാപനങ്ങൾ

4. ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് മാതൃകയിൽ താമസത്തിനായി ഇന്ത്യയിൽ വീട് നിർമ്മിക്കുന്നതിനോ വാങ്ങുന്നതിനോ ദീർഘകാല ധനസഹായം നൽകുന്നതിലേക്കായി രൂപീകരിച്ചിട്ടുള്ളതും ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ പൊതുമേഖലാ കമ്പനികൾ.

(ബി) ഉണ്ട്.

(സി) സർക്കാർ ഉത്തരവ് പ്രകാരമുള്ള സെക്കന്റ് മോർട്ട്ഗേജ് വ്യവസ്ഥയിൽ വായ്പ അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ബാങ്കുകൾ വായ്പ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 31-5-2014-ലെ സർക്കുലർ നമ്പർ 52/2014/ധന. പ്രകാരം എസ്.ബി.ഐ. ഉൾപ്പെടെയുള്ള സംസ്ഥാനത്തെ അംഗീകൃത ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തോട്ടം തൊഴിലാളികൾക്ക് കേന്ദ്ര സഹായത്തോടെ ഭവന പദ്ധതി

191 (3345) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടം തൊഴിലാളികൾക്ക് കേന്ദ്ര സഹായത്തോടെ ഭവന പദ്ധതി ഭവന നിർമ്മാണ വകുപ്പ് ആരംഭിക്കുകയുണ്ടായോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് എത്ര ഭവനങ്ങൾ നാളിതുവരെ നൽകിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ ;

(സി) അപേക്ഷിച്ചവരിൽ ഇനിയും വീട് ലഭിക്കാത്തവർ എത്രയുണ്ടെന്നും എന്തൊക്കെ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് വീട് നൽകുന്നതെന്നും അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് മുഖേന തോട്ടം തൊഴിലാളികൾക്ക് മാത്രമായി ഭവന നിർമ്മാണ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല എന്നാൽ തൊഴിൽ വകുപ്പ് ഭവനം ഫൗണ്ടേഷൻ വഴി പദ്ധതി നടപ്പിലാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ഗൃഹശ്രീ പദ്ധതി

192 (3346) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ സ്പോൺസർമാർ എത്ര തുക വീതമാണ് നൽകേണ്ടതെന്ന് അറിയിക്കുമോ ;

(സി) പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ് ;

(ഡി) ഇതുവരെ ഏതെല്ലാം സംഘടനകളും വ്യക്തികളുമാണ് ഈ പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ നിർദ്ദേശിച്ചിട്ടുള്ളതെന്നും ഓരോരുത്തരും എത്ര പേരെ വീതമാണ് നിർദ്ദേശിച്ചതെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഗൃഹശ്രീ പദ്ധതി 2013-14 വർഷത്തിൽ 525 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 525 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. തെരഞ്ഞെടുത്ത 525 ഗുണഭോക്താക്കളിൽ വീടുകളുടെ നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ 30-6-2015-ലെ കണക്കു പ്രകാരം 525 പേർക്ക് ഒന്നാം ഗഡുവും 512 പേർക്ക് രണ്ടാം ഗഡുവും 481 പേർക്ക് മൂന്നാം ഗഡുവും 453 പേർക്ക് നാലാം ഗഡുവും അനുവദിച്ചിട്ടുണ്ട്. ഗൃഹശ്രീ പദ്ധതി 2014-15 വർഷത്തിൽ അനുവദനീയമായ 709 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന്റെ ഭാഗമായി 709 വീടുകൾക്കുള്ള സ്പോൺസർഷിപ്പ് തുക ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 709 ഗുണഭോക്താക്കളിൽ വീടുകളുടെ നിർമ്മാണ പുരോഗതിയുടെ അടിസ്ഥാനത്തിൽ 30-6-2015-ലെ കണക്കു പ്രകാരം 507 പേർക്ക് ഒന്നാം ഗഡുവും 241 പേർക്ക് രണ്ടാം ഗഡുവും 101 പേർക്ക് മൂന്നാം ഗഡുവും 11 പേർക്ക് നാലാം ഗഡുവും അനുവദിച്ചിട്ടുണ്ട്.

(ബി) ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം ഒരു വീടിന് 1 ലക്ഷം രൂപയാണ് സ്പോൺസർഷിപ്പ് വിഹിതമായി സ്പോൺസർ അടയ്ക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly